# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1026 — 06.06.2018 -ലെ മറുപടി

## ചീരക്കുഴി കനാലിലെ ചോർച്ച അടയ്ക്കുവാൻ നടപടി

ചോദ്യം
ശ്രീ.യു. ആർ. പ്രദീപ്

മറുപടി
മാത്യു ടി. തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജക മണ്ഡലത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് എന്നാണ് കമ്മീഷൻ ചെയ്തതെന്ന് വ്യക്തമാക്കാമോ ; | എ) | 1973 ലാണ് കമ്മീഷൻ ചെയ്തത്. |
| ബി) | ഇതിന്റെ മെയിൻ കനാലുകളുടെ നീളം എത്രയാണെന്നും ഇതിലൂടെ എത്ര ഏക്കർ നെൽക്കൃഷിക്ക് ജലം എത്തിക്കുവാൻ സാധിക്കുന്നുണ്ടെന്നും അറിയിക്കാമോ ; | ബി) | മെയിൻ കനാലിന് 40/900 കി.മീ. നീളവും 4 ബ്രാഞ്ച് കനാലുകൾക്കും കൂടി 9/800 കി.മീറ്റർ നീളവുമുണ്ട്. കനാലുകളുടെ ആകെ നീളം 50/ 700 കി.മീ. യാണ്. ടി കനാൽ ശൃംഖല വഴി 987ഹെക്ടർ മുണ്ടകൻ നെൽകൃഷിക്ക് ജലം നൽകി വരുന്നു. |
| സി) | പ്രസ്തുത കനാലുകളുടെ പല ഭാഗത്തും കാലപ്പഴക്കം കൊണ്ട് ചോർച്ച ഉണ്ടാകുകയും സ്പൗട്ടുകൾ പലതും ദ്രവിക്കുകയും ചെയ്തതുമൂലം വലിയ തോതിൽ ജലം നഷ്ടപ്പെടുന്നതു കണക്കിലെടുത്ത് കനാലിലെ ചോർച്ച അടയ്ക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണി നടത്തുന്നതിനും കേടു വന്ന സ്പൗട്ടുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | കനാൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. സ്പൗട്ടുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ